**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 626 — 3.3.2020 -ൽ മറുപടിയ്ക്ക്

**കേരള ബ്ലോഗ് എക്സ്പ്രസ്സ് പദ്ധതി**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി.: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം വകുപ്പിന്റെ കേരള ബ്ലോഗ് എക്സ്പ്രസ്സ് എന്ന പദ്ധതിയുടെ നടത്തിപ്പരീതി വിശദമാക്കാമോ; എല്ലാ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കുന്നുണ്ടോ എന്നറിയിക്കാമോ; | എ) | ടൂറിസം വകുപ്പ് 30 രാജ്യങ്ങളിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലേക്ക് കൊണ്ടുവരികയും അവരെ കേരളാ ടൂറിസത്തിന്റെ ഒരു ബ്രാൻഡഡ് ബസിൽ 15 ദിവസം കേരളത്തിലുടനീളം സഞ്ചരിക്കുവാൻ അവസരമൊരുക്കുകയും അതുവഴി കേരളത്തിന്റെ സംസ്കാരം, തനതുകലകൾ, വിവിധ ടൂറിസം കേന്ദ്രങ്ങൾ, ഉത്തരവാദിത്ത ടൂറിസം, ടൂറിസവുമായി ബന്ധപ്പെട്ട ആക്റ്റിവിറ്റികൾ, കേരളത്തിലെ ഭക്ഷ്യ വിഭവങ്ങളെ പരിചയപ്പെടുത്തൽ തുടങ്ങിയവ അവരുടെ രാജ്യങ്ങളിലെ വിവിധ സോഷ്യൽ മീഡിയകൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുന്ന നടത്തിപ്പരീതിയാണ് അവലംബിച്ച വരുന്നത്.<br>കേരള ബ്ലോഗ് എക്സ്പ്രസ് എന്ന പദ്ധതി കഴിഞ്ഞ 10 വർഷമായി മുടങ്ങാതെ കേരളാ ടൂറിസം വകുപ്പ് നടത്തി വരുന്നുണ്ട്. കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളിൽ 60% ന് മുകളിൽ ആഭ്യന്തര വിനോദസഞ്ചാരികൾ ആയതിനാൽ ടൂറിസം സംരംഭകരുടെ അഭ്യർത്ഥന മാനിച്ച് ഈ വർഷം മാർച്ച് മാസത്തിൽ ഇന്ത്യയിലെ മികച്ച ബ്ലോഗർമാരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള ബ്ലോഗ് എക്സ്പ്രസ് ഇന്ത്യൻ എഡിഷൻ ആദ്യമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വെളിപ്പെടുത്താമോ; | ബി) | വിവിധ രാജ്യങ്ങളിലെ ബ്ലോഗർമാർ, എഴുത്തുകാർ എന്നിവരിലൂടെ കേരളത്തിന്റെ വിവിധ ടൂറിസം കേന്ദ്രങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ, ഉത്തരവാദിത്ത ടൂറിസം, സാഹസിക ടൂറിസം, കേരളീയ കലകൾ, സംസ്കാരം, കേരളത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രകൃതിഭംഗി തുടങ്ങിയവ മറ്റു രാജ്യങ്ങളിൽ അവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളായ ഫേസ് ബുക്ക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ടിറ്റർ, ബ്ലോഗ് തുടങ്ങിയവയിലൂടെ കേരള ടൂറിസത്തെക്കുറിച്ച് പ്രചരണം നടത്തുക എന്നതാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |
| സി) | പ്രസ്തുത പദ്ധതിയിലേക്ക് വിവിധ രാജ്യങ്ങളിൽ നിന്നുള്ള ബ്ലോഗർമാരെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; മാനദണ്ഡങ്ങളും തിരഞ്ഞെടുപ്പ് രീതിയും വ്യക്തമാക്കാമോ? | സി) | കേരള ബ്ലോഗ് എക്സ്പ്രസ്സ് എന്ന പദ്ധതി ആരംഭിക്കുന്നതിനു മുന്നോടിയായി വിവിധ രാജ്യങ്ങളിൽ സോഷ്യൽ മീഡിയയിലൂടെ പരസ്യം നൽകി അറിയിപ്പ നൽകുകയും താല്പര്യമുള്ളവർക്ക് www.keralablogexpress.com എന്ന വെബ് സൈറ്റിൽ ബ്ലോഗർമാരെ നോമിനേറ്റ് ചെയ്യാൻ അവസരം ഒരുക്കുകയും അതിലൂടെ ലഭിക്കുന്ന അപേക്ഷകൾ, ബ്ലോഗർമാരുടെ സോഷ്യൽ മീഡിയ content, followers-ന്റെ എണ്ണം, വിശ്വാസ്യത, രാജ്യം തുടങ്ങിയവയെ അടിസ്ഥാനമാക്കി മികച്ച 30 പേരെ തെരഞ്ഞെടുക്കുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഈ വർഷം നടപ്പിലാക്കുന്ന കേരള ബ്ലോഗ് എക്സ്പ്രസ് ഇന്ത്യൻ എഡിഷനിൽ ഭാഷയുടെ അടിസ്ഥാനത്തിൽ കൂടിയും ബ്ലോഗർമാരെ തെരഞ്ഞെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ